# ലുഖ്മാൻ എന്ന അബ്സീനിയൻ അടിമ

ലുഖ്മാൻ എന്ന മഹാജ്ഞാനി ഒരു നാളിൽ ഒരു കിനാവ് കണ്ടു. അദ്ദേഹത്തിന്റെ അടുക്കൽ ജിബ്‌രീൽ മാലാഖ വന്നിട്ട് ചോദിച്ചു:

''താങ്കൾക്ക് തത്വജ്ഞാനമാണോ പ്രവാചകത്വമാണോ വേണ്ടത്?!''

ലുഖ്മാൻ വളരെ ബുദ്ധിമാനായിരുന്നു. അദ്ദേഹം പറഞ്ഞു:

''അതൊക്കെ ദൈവം നിശ്ചയിക്കേണ്ട കാര്യങ്ങളാണ്. അവന്റെ തീരുമാനത്തിലിടപെടാൻ ഞാനാര്?! എന്നാൽ എന്റെ തൃപ്തിയനുസരിച്ചാണ് ദൈവം തമ്പുരാൻ ഇക്കാര്യം വിധിക്കുന്നതെങ്കിൽ ജ്ഞാനമാണ് ഞാൻ തെരഞ്ഞെടുക്കുക.''

അങ്ങനെ ലുഖ്മാന്റെ ആഗ്രഹം പോലെ അദ്ദേഹത്തിന് ജ്ഞാനപട്ടം- ലുഖ്മാനുൽ ഹകീം എന്ന പദവി - ലഭിച്ചു.



''താങ്കൾ എന്തുകൊണ്ട് പ്രവാചകത്വം ഒഴിവാക്കി ജ്ഞാനം തെരഞ്ഞെടുത്തു?''- ആളുകൾ അദ്ദേഹത്തോട് ചോദിച്ചു.

''കൂട്ടുകാരെ, പ്രവാചകത്വത്തിന്റെ ഭാരം വഹിക്കുക ഒരു സാധാരണ മനുഷ്യന് സാധിക്കുന്നതല്ല. അതേയവസരം ദൈവം അവന്റെ ഇംഗിതമനുസരിച്ച് പ്രവാചകത്വം ഒരാൾക്ക് നൽകുകയാണെങ്കിൽ ആ മനുഷ്യന് ദൈവത്തിന്റെ പ്രത്യേക സംരക്ഷണമുണ്ടാവും. അത് ഞാൻ ചോദിച്ചു വാങ്ങിയാൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും എനിക്കാകും. ഞാനതുകൊണ്ട് പെടാപാട്പെടും.''

''എന്നാൽ ജ്ഞാനം, അത് മുഖേന സ്വയം നല്ല വഴി കണ്ടെത്താം. മറ്റുള്ളവർക്ക് വഴിവിളക്കുമാകാം. അതിനാലാണ് ഞാൻ ജ്ഞാനത്തിന്റെ മാർഗം തേടിയത്.''

ലുഖ്മാൻ പിന്നീട് മഹാജ്ഞാനിയായി. അദ്ദേഹത്തിന്റെ ജ്ഞാനസദസ്സുകൾ പ്രശസ്തങ്ങളായി.

ഒരു ദിവസം ലുഖ്മാ

ന്റെ യജമാനൻ വന്ന് നോക്കുമ്പോൾ വലിയജനക്കൂട്ടം. അവർക്ക് നടുവിൽ ഒരാൾ. അടുത്തു ചെന്നപ്പോൾ ജ്ഞാന പ്രഭാഷണം നടക്കുന്നു. നിറയെ സദസ്സ്. തികഞ്ഞ നിശബ്ദത. യജമാനൻ അദ്ഭുതപ്പെട്ടു. ഈ അബ്സീനിയൻ (എത്യോപ്യൻ) അടിമ ഇത്രക്കായോ!! അവസാനം യജമാനൻ ചോദിക്കുക തന്നെ ചെയ്തു.

''എന്റെ ആടുകളെ മേച്ച് നടന്നിരുന്ന എത്യോപ്യൻ അടിമ ലുഖ്മാൻ തന്നെയല്ലെ നീ?''

''തീർച്ചയായും ഞാൻ അവൻ തന്നെ.''

''എന്നിട്ട് നീ ഇത്ര വളർന്നോ. നിന്റെ പ്രഭാഷണം കേൾക്കാൻ വലിയ ജനക്കൂട്ടമുണ്ടല്ലോ. എത്ര ശ്രദ്ധയോടെയാണ് അവർ നിന്നെ കേൾക്കുന്നത്?!''

''എനിക്ക് ദൈവം തമ്പുരാൻ തത്വജ്ഞാനം നൽകി.''

''നിനക്ക് ഈ ഉന്നത പദവി ലഭിക്കാൻ മാത്രം എന്ത് വിശിഷ്ട കർമമാണ് നീ ചെയ്തത്?!''

''എനിക്ക് ചില ശീലങ്ങളുണ്ട്. അത് ഞാൻ തെറ്റിക്കാറില്ല.

ഞാൻ ഒരു കാര്യത്തിലും കളവ് പറയാറില്ല.

ഒരിക്കലും ആരോടും അനാവശ്യമായി ഒന്നും ഉരിയാടുകയില്ല.

വിശ്വസിച്ചവരെ ഞാനൊരിക്കലും വഞ്ചിക്കുകയില്ല.

ഒരാൾ എന്നെ വിശ്വസിച്ചേൽപ്പിച്ച ഒരു സംഗതി അയാൾ സംരക്ഷിക്കുന്ന പ്രകാരം ഞാൻ സംരക്ഷിക്കും.

എന്നോട് ഒരാൾ ഒരു സ്വകാര്യം പറഞ്ഞാൽ ഞാനൊരിക്കലും അപരനത് കൈമാറുകയില്ല.''

ഈ അടിസ്ഥാന ധർമ ങ്ങൾ ലുഖ്മാൻ വളരെ ലളിതമായി വിവരിച്ചത് കേട്ടപ്പോൾ യജമാനൻ അദ്ദേഹത്തിൽ ആകൃഷ്ടനായി. അന്ന് മുതൽ യജമാനൻ മഹാനായ ലുഖ്മാനുൽ ഹകീമിന്റെ അടുത്ത ശിഷ്യനായി മാറി.

പുനരാഖ്യാനം:
സഈദ് മുത്തന്നൂർ



## നൂറാം വയസ്സിൽ റെക്കോർഡ്

100 വയസ്സുള്ള ഫൗജാസിംഗ് എന്ന വ്യക്തി ലണ്ടനിലെ ടൊറന്റോ വാട്ടർ ഫ്രൻഡ് മാരത്തോണിൽ പങ്കെടുത്ത് ലോകത്തിലെ ഏറ്റവും പ്രായം കൂടിയ മാരത്തോൺ ഓട്ടക്കാരൻ എന്ന ബഹുമതിക്ക് അർഹനായി. മാത്രമല്ല ഗിന്നസ് ബുക്കിൽ ഇടവും നേടി. 2011 ഒക്ടോബറിലായിരുന്നു ഈ സംഭവം. നിത്യഭ്യാസി ആനയെ എടുക്കുമെന്നത് ശരിയാണെന്നു തോന്നുന്നില്ലേ?